നമ്പർ.വൈ.(1)/24300/2011/ഡി.പി.ഐ.

വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം,
തീയതി:30-9-2011.

## സർക്കുലർ

വിഷയം :- പൊതു വിദ്യാഭ്യാസം - 2011-12 വർഷത്തെ ശാസ്ത്ര, ഗണിത ശാസ്ത്ര, സാമൂഹ്യ ശാസ്ത്ര, പ്രവൃത്തി പരിചയ മത്സരങ്ങൾ - സ്ക്കൂൾ, ഉപ ജില്ലാ, റവന്യൂ ജില്ലാ തലത്തിൽ സംഘടിപ്പിക്കുന്നതിനെ സംബന്ധിച്ച് -

സൂചന :- പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 30/9/2011 ലെ ഉത്തരവ്.

*****

2011-12 വർഷത്തെ ശാസ്ത്ര, ഗണിത ശാസ്ത്ര, സാമൂഹ്യ ശാസ്ത്ര, പ്രവൃത്തി പരിചയ മത്സരങ്ങൾ സ്ക്കൂൾ, ഉപ ജില്ലാ, റവന്യൂ ജില്ലാ തലങ്ങളിൽ സംഘടിപ്പിക്കുമ്പോൾ ചുവടെ നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

(1). ഈ വർഷം മുതൽ ഉപ ജില്ലാ തുടങ്ങിയുള്ള മത്സരങ്ങളുടെ രജിസ്ട്രേഷനും,റിസൾട്ട് തയ്യാറാക്കലും ഐ.ടി. @ സ്ക്കൂൾ പൂർത്തീകരിച്ചിട്ടുള്ള സോഫ്ട്വയറിലാണ് നടത്തേണ്ടത്.

(2). സ്ക്കൂൾതല മത്സരങ്ങൾ 2011 ഒക്ടോബർ മാസം 4-ാം തീയതിക്കുള്ളിൽ പൂർത്തിയാക്കേണ്ടതാണ്.

(3). ഓൺലൈൻ രജിസ്ട്രേഷന്റെയും, റിസൾട്ടിന്റേയും പരീക്ഷണാർത്ഥം സംസ്ഥാനത്തെ രണ്ട് ഉപ ജില്ലകളിൽ മത്സരങ്ങൾ സംഘടിപ്പിച്ച് കൃത്യത ഉറപ്പുവരുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ഒക്ടോബർ മാസം 18,19 തീയതികളിൽ ആലുവ ഉപ ജില്ലയിലും, 22,23 തീയതികളിൽ തിരുവനന്തപുരം സൗത്ത് ഉപ ജില്ലയിലും മത്സരങ്ങൾ സംഘടിപ്പിക്കേണ്ടതാണ്. പ്രസ്തുത മത്സരങ്ങൾക്കുശേഷം മാത്രമേ മറ്റ് ഉപ ജില്ലാ മത്സരങ്ങൾ നടത്തുവാൻ പാടുള്ളൂ.

(4). ഉപ ജില്ലാ മത്സരങ്ങൾ തുടങ്ങുന്നതിനു മുൻപേ ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തിയാക്കിയിരിക്കണം.

(5). 3-10-2011 മുതൽ ശാസ്ത്ര, ഗണിത ശാസ്ത്ര, സാമൂഹ്യ ശാസ്ത്ര, പ്രവൃത്തിപരിചയ മേളയ്ക്കുള്ള സൈറ്റായ www.schoolsasthrolsavam.in - ൽ ഉപ ജില്ലാ മത്സരങ്ങൾക്കുള്ള രജിസ്ട്രേഷൻ നടത്താവുന്നതാണ്. ഇതിനായുള്ള എൻട്രി ഫാറം സൈറ്റിൽ നിന്നും എടുക്കാവുന്നതാണ്.

(തുടർച്ച... 2)

(6). 13-10-2011 ന് തിരുവനന്തപുരത്തു വച്ച് ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര, പ്രവൃത്തി പരിചയ ജില്ലാ സെക്രട്ടറിമാർക്ക് ഐ.ടി. @ സ്കൂൾ ഉപ ജില്ലാ സോഫ്ട്‌വയറിൽ പരിശീലനം നൽകുന്നതാണ്.

(7). ഉപ ജില്ലാ മത്സരങ്ങൾ 25-10-2011 ന് തുടങ്ങി 30-10-2011 ൽ പൂർത്തീകരിക്കേണ്ടതാണ്.

(8). റവന്യൂ ജില്ലാ മത്സരങ്ങൾ നവംബർ മാസം 7 ന് തുടങ്ങി 11-ാം തീയതിക്കുള്ളിൽ പൂർത്തീകരിക്കണം.

(9). സംസ്ഥാന മേള ഡിസംബർ മാസം പാലക്കാട് വച്ച് നടക്കുന്നതാണ്.

(10). 2011-12 വർഷത്തെ മേളയ്ക്കായുള്ള" THEME" എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും E-mail ആയി നൽകിയിട്ടുണ്ട്. ഇതിനനുസരണമാകണം ഈ വർഷത്തെ മേളകൾ സംഘടിപ്പിക്കേണ്ടത്.

പൊതു വിദ്യാഭ്യാസ ഡയറക്ടർ.

(1). എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും.
(2). എല്ലാ ശാസ്ത്ര, ഗണിത ശാസ്ത്ര, സാമൂഹ്യ ശാസ്ത്ര, പ്രവൃത്തി പരിചയ ജില്ലാ സെക്രട്ടറിമാർക്കും.
(3). സ്റ്റോക്ക് ഫയൽ.

എ.സി-30-9